(സി) സംരക്ഷിത മേഖലയിലും റിസർവ് വനത്തിലും പോലീസ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ വിഭാഗങ്ങൾ സാധാരണയായി പട്രോളിംഗ് നടത്താത്ത സാഹചര്യത്തിൽ ഓവർ സ്പീഡ്, അശ്രദ്ധയോടെയുള്ള ഡ്രൈവിംഗ്, ലഹരി ഉപയോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടാൽ വനനിയമപ്രകാരം പ്രതികളെ അറസ്റ്റ് ചെയ്ത് വാഹനം പിടിച്ച് കോടതിയിൽ ഹാജരാക്കുന്നത് ഒഴിവാക്കി, വാഹനവകുപ്പും പോലീസും ചെയ്യുന്നതുപോലെ ഫൈൻ ഈടാക്കി താക്കീത് ചെയ്ത് വിടുന്നതിന് വനം വകുപ്പിലെ ഓഫീസർ റെയ്ഞ്ചർ തസ്തികയിൽ കുറയാത്ത ജീവനക്കാരനെ ചുമതലപ്പെടുത്തുന്നതിന് ചട്ടം ഭേദഗതി ചെയ്യുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ റിസർവ് വനങ്ങളിലൂടെയും വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലൂടെയും കടന്നുപോകുന്ന പൊതുനിരത്തുകളിൽ വാഹന ഗതാഗതം അനുവദിക്കുന്നുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ 27cd) പ്രകാരം വന്യജീവി സങ്കേതത്തിലൂടെ കടന്നുപോകുന്ന പൊതുനിരത്തുകളിലൂടെ സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ട്. വന്യജീവി സങ്കേതങ്ങളുടെ ടൂറിസം സോണിൽ നിലവിലുള്ള ഫോറസ്റ്റ് റോഡുകളിലും വിനോദസഞ്ചാരത്തിന്റെ ഭാഗമായി വാഹനങ്ങളെയും വിനോദ സഞ്ചാരികളെയും നിയന്ത്രണ വിധേയമായി സഞ്ചരിക്കാൻ അനുവദിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലൂടെയും റിസർവ് വനങ്ങളിലൂടെയും കടന്നുപോകുന്ന പൊതുനിരത്തുകളിലും വനപാതകളിലും അമിതവേഗം, അശ്രദ്ധയോടെയുള്ള വാഹനം ഓടിക്കൽ തുടങ്ങി വനജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷമുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട വനം കുറ്റകൃത്യങ്ങൾ പിഴ ഈടാക്കി കോമ്പൗണ്ട് ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ വനം നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യേണ്ട സാഹചര്യം നിലവിലില്ല.

പാലക്കാട് ജില്ലയിൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകിയ വനഭൂമി

279 (3913) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 3 വർഷത്തിനിടയിൽ പാലക്കാട് ജില്ലയിൽ കോടതിയുടെയോ മറ്റ് അധികാരസ്ഥാപനങ്ങളുടെയോ ഉത്തരവ് മുഖേന സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വനഭൂമി വിട്ടു നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിട്ടുനൽകിയ വനഭൂമിയുടെ വിസ്തീർണം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ വിട്ടു നൽകിയ വനഭൂമി തിരിച്ചുപിടിക്കുന്നതിനും ബന്ധപ്പെട്ട കോടതികളിൽ അപ്പീൽ പോകുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) വനഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട കേസുകൾ സർക്കാർ തലത്തിൽ അവലോകനം നടത്താറുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിൽ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം നിക്ഷിപ്തമാക്കപ്പെട്ട വനഭൂമികൾ കോടതി വിധികൾ പ്രകാരം വനമല്ല എന്നു കണ്ടെത്തിയതിനാൽ വിട്ടുനൽകുകയുണ്ടായിട്ടുണ്ട്.

(ബി) കോടതി വിധികളുടെയും, സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വനഭൂമി അല്ലെന്ന് കണ്ടെത്തിയ 88.7859 ഹെക്ടർ ഭൂമി വിട്ടു നൽകിയിട്ടുണ്ട്.

(സി) വനംവകുപ്പിന് എതിരായി വിധി വരുന്ന കേസുകളിൽ നിയമോപദേശം ലഭ്യമാക്കി അപ്പീൽ ഫയൽ ചെയ്യാറുണ്ട്. അതിൽ നിഷ്കർഷ പുലർത്തിവരുന്നു.

(ഡി) കോടതികൾ വനഭൂമിയല്ലായെന്ന് കണ്ടെത്തിയ ഭൂമി സർക്കാർ തലത്തിൽ അവലോകനം നടത്തി ഉത്തരവ് പുറപ്പെടുവിച്ചശേഷം മാത്രമാണ് അതിന്റെ ഉടമസ്ഥർക്ക് വിട്ടു നൽകിവരുന്നത്.

ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനം

280 (3914) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ എത്ര ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരാണ് നിലവിലുള്ളതെന്നും പ്രസ്തുത തസ്തികയിൽ ഓരോരുത്തർക്കും എന്നു മുതലാണ് നിയമനം ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി ജോലി ചെയ്യുന്ന എത്ര പേരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവിട്ടിട്ടുണ്ടെന്നും, പ്രൊബേഷൻ പൂർത്തിയാക്കിയവർ ആരൊക്കെയെന്നും, പ്രൊബേഷൻ പൂർത്തിയാക്കാത്തവർ ആരൊക്കെയെന്നും, പൂർത്തീകരിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly